# യാക്കോബിന്റെയും പുത്രന്മാരുടെയും നവീകരണം

## ഉല്പത്തി 35:5

“പിന്നെ അവർ യാത്ര പുറപ്പെട്ടു. അവരുടെ ചുറ്റും ഇരുന്ന പട്ടണങ്ങളുടെ മേൽ ദൈവത്തിന്റെ ഭീതി വീണതുകൊണ്ട് യാക്കോബിന്റെ പുത്രന്മാരെ ആരും പിൻ തുടർന്നില്ല.”

അതിദാരുണമായ ഒരു സംഭവത്തിനു ശേഷം, യാക്കോബും പുത്രന്മാരും ഒരു യാത്ര ആരംഭിക്കുകയാണ്. അതുകൊണ്ടുതന്നെ പ്രസ്തുത വാക്യം വായിച്ചപ്പോൾ നാം കണ്ടു “പിന്നെ അവർ യാത്ര പുറപ്പെട്ടു” ഈ അതിദാരുണമായ സംഭവം എന്തെന്ന് ഉല്പത്തി 34 –ാം അദ്ധ്യായത്തിൽ നമുക്ക് വ്യക്തമായി മനസ്സിലാക്കാം. തന്റെ ഏകമളായ ദീനയോട്, ഹിവ്യനായ ഹമോരിന്റെ മകൻ ശേഖേം അപമര്യാദയായി പെരുമാറുന്നു. അവൻ ആ ദേശത്തെ പ്രഭു ആയിരുന്നു. അതിനുശേഷം നടന്നതായ കാര്യങ്ങൾ നമുക്ക് സുപരിചിതമാണല്ലോ.

പ്രസ്തുത സംഭവം, യാക്കോബിനെയും, പുത്രന്മാരെയും ചിലത് പഠിപ്പിച്ചു. ദോഷികളുംാ അസന്മാർഗ്ഗികളുമായ ജാതികളുമായി അടുത്ത ബന്ധത്തിൽ ജീവിക്കാൻ ഉണ്ടായ ഒരു തെറ്റായ തെരഞ്ഞെടുപ്പ്, അതിഭയങ്കരമായ ഒരു സംഭവത്തിലേക്ക് അവരെ നയിച്ചു. ശേഖേമിനടുത്ത് വാസം ഉറപ്പിച്ചത് (ഉല്പത്തി 33:18) പിന്നീട് വലിയ വില കൊടുക്കേണ്ട വിധം ദുഃഖത്തിനും, നഷ്ടത്തിനും കാരണമായി. ബേഥേലിലേക്കു പോകേണ്ടവൻ, ശേഖേമിൽ പാളയമടിച്ചു. തന്റെ മകൾ ദേശത്തിലെ ദൈവഭക്തിയില്ലാത്ത കന്യകമാരുമായി സൗഹൃദം പുലർത്തിയിരുന്നുവെന്ന് നമുക്ക് കാണാം (ഉല്പത്തി 34:1) അതിന്റെ പരിണിത ഫലം തികച്ചും ശോചനീയം. യാക്കോബിനും, അവന്റെ മക്കൾക്കും മനോവ്യഥയും, ലജ്ജയും മാത്രം.

എന്നാൽ ഈ സംഭവത്തിലൂടെ യാക്കോബും കുടുംബവും, അവർ മനസ്സിലാക്കിയതും പഠിച്ചതുമായ അനുഭവങ്ങളിൽ നിന്ന് ചില തീരുമാനങ്ങൾ ദൈവസന്നിധിയിൽ എടുക്കുന്നു. ദൈവഹിതത്തിന് ഒത്തവണ്ണം മുന്നോട്ട് യാത്ര തുടരുന്നു. ഈ വാക്യങ്ങളിലൂടെ നമ്മെ ചിന്തിപ്പിക്കേണ്ട വസ്തുതയും ഇതുതന്നെ ആകുന്നു.

ജീവിതത്തിൽ എടുത്ത ഒരു തെറ്റായ തെരഞ്ഞെടുപ്പ്, അവരെ അവിടെ ഒതുക്കി കളഞ്ഞില്ല. ആത്മീക ജീവിതത്തിലുണ്ടായ അധഃപതനം മനസ്സിലാക്കിയ യാക്കോബും കുടുംബവും ദൈവവചനത്തോട്, ഏറെ അനുസരണമുള്ളവരായി സമർപ്പിച്ചു കൊടുത്തു. ഉല്പത്തി 35:1 ൽ ദൈവം അവനോട് ശേഖേമിൽനിന്നു പുറപ്പെട്ട് ബേഥേലിലേക്കു പോകാൻ ആവശ്യപ്പെടുന്നു. അവർ അന്യദേവന്മാരെ നീക്കികളഞ്ഞു. തങ്ങളെത്തന്നെ ശുദ്ധീകരിച്ചു.

ഉല്പത്തി 35:2 ആദ്യമായി, ദൈവത്തോട് പാപം ചെയ്യുന്നതായ അന്യദേവന്മാരെ ഭവനത്തിൽ നിന്ന് നീക്കി. ശേഷം വ്യക്തിപരമായ വിശുദ്ധിക്കുവേണ്ടി തങ്ങളെത്തന്നെ സമർപ്പിച്ചു. വീണ്ടും യാഗപീഠം പണിതുകൊണ്ട് ആരാധനയിലും ദൈവീക സാമീപ്യത്തിലുമുള്ള പ്രതിജ്ഞ പുതുക്കി (ഉല്പത്തി 35:7). ദൈവവുമായുള്ള കൂട്ടായ്മയിലേക്ക് വീണ്ടും യഥാസ്ഥാനപ്പെട്ടു. ദൈവവചനത്തിന് വില കൊടുത്തുകൊണ്ട് ജീവിതത്തെ ഒരു പുതുക്കത്തിന് വിട്ടുകൊടുത്തപ്പോൾ യാക്കോബിനു വീണ്ടും ദൈവത്തിന്റെ സംരക്ഷണവും, സാന്നിദ്ധ്യവും, വെളിപ്പാടും, അനുഗ്രഹവും ഒക്കെ ലഭിച്ചു. ഉല്പത്തി 35–ാം അദ്ധ്യായത്തിൽ അവസാനഭാഗത്ത് നാം അത് കാണുന്നു.

യാക്കോബിന്റെയും പുത്രന്മാരുടെയും നവീകരണം നമുക്ക് എന്നും ആത്മീകജീവിതത്തിൽ ഒരു മാതൃകയായിരിക്കട്ടെ. ഇന്നും ശേഖേമിൽ പാളയമടിച്ച് ദൈവം ആഗ്രഹിക്കാത്ത ഇടങ്ങളിലും കാര്യങ്ങളിലും അറിഞ്ഞോ അറിയാതെയോ ഒതുങ്ങിക്കിടക്കുന്ന സകല ജീവിതാനുഭവങ്ങളെയും അവന്റെ മുമ്പിൽ കൊടുക്കാം. ദൈവഹിതത്തിനെതിരായ ഒരു തെരഞ്ഞെടുപ്പ് ജീവിതയാത്രയിൽ കടന്നുവരരുതേ എന്ന വലിയ പ്രാർത്ഥനയോടെ നമുക്ക് സമർപ്പിക്കാം. ശേഖേമിലെ കരുവേലകത്തിന്റെ കീഴിൽ കുഴിച്ചിടാതെ, ബേഥേലിലേക്ക് യാത്ര ദുഷ്കരമാണ്. ഈ സത്യം സദാ ഭരിച്ചുകൊണ്ട് ഭയഭക്തിയോടെ നമുക്ക് ദൈവ സന്നിധിയിൽ ജീവിക്കാം. മാനസാന്തരപ്പെട്ട്, യഥാസ്ഥാനപ്പെടുന്നവനെ, ദൈവവചനം അനുസരിക്കുന്നവനെ, അവന്റെ കരുണകൊണ്ട് പൊതിയുന്ന ഒരു നല്ല ദൈവം നമുക്ക് ഉള്ളതുകൊണ്ട് സ്തുതിക്കാം. സ്തോത്രം ചെയ്യാം. കർത്താവ് ശക്തീകരിക്കപ്പെട്ടെ. നാം കുഴിച്ചിടേണ്ടതിനെ നശിപ്പിച്ചു കഴിഞ്ഞാൽ ഒരു ദുഷ്ടനും ശത്രുവും നമ്മെ പിന്തുടരാതെ, അവരുടെ മേൽ ഭീതി വരുത്തുന്ന, രക്ഷിക്കുന്ന, കർത്താവിന്റെ ശക്തി നമുക്ക് തുണയായിരിക്കട്ടെ. ആമ്മേൻ.

പരാമർശം:

യോനാ 2:3

നീ എന്നെ സമുദ്രമദ്ധ്യേ ആഴത്തിൽ ഇട്ടുകളഞ്ഞു; പ്രവാഹം എന്നെ ചുറ്റി നിന്റെ ഓളങ്ങളും തിരകളുമെല്ലാം എന്റെ മീതെ കടന്നുപോയി. നിന്റെ ദൃഷ്ടിയിൽനിന്നു എനിക്കു നീക്കം വന്നിരിക്കുന്നു; എങ്കിലും ഞാൻ നിന്റെ വിശുദ്ധമന്ദിരത്തിങ്കലേക്കു നോക്കിക്കൊണ്ടിരിക്കും എന്നു ഞാൻ പറഞ്ഞു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 140